നമ്പർഃ ഇ4-16612/12.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി ഃ 30-07-2012.

സാമൂഹ്യക്ഷേമ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർക്കും.

സർ,

വിഷയം ഃ- സാമൂഹ്യക്ഷേമ വകുപ്പ് - അധികാരവികേന്ദ്രീകരണം - മിനിസ്റ്റീരിയൽ ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനഃർവിന്യസിക്കുന്നത് - സംബന്ധിച്ച്.

സൂചന ഃ-
1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 36/2010/ത.സ്വ.ഭ.വ. തീയതി 01-03-2010.
2. സർക്കാർ കത്ത് നമ്പർ 05-05-2012.
3. ഈ കാര്യാലയത്തിലെ 06-06-2012 ലെ ഇ4-16612/12 നമ്പർ പരിപത്രം.

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങളിലേക്ക് പുനഃർവിന്യാസിച്ചിട്ടുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെ പുനഃർവിന്യാസ കാലാവധി അവസാനിക്കുന്നതിനാൽ ഇവർക്ക് പകരം നിയമിക്കേണ്ട ജീവനക്കാരുടെയും, പുനർവിന്യാസത്തിൽ തുടരുന്നതിന് താൽപര്യമുള്ള ജീവനക്കാരുടെയും ലിസ്റ്റ് സമർപ്പിക്കുന്നതിന് സൂചന രണ്ടിലെ സർക്കാർ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന മൂന്നിലെ പരിപത്രത്തിലൂടെ ഇക്കാര്യങ്ങൾ എല്ലാ കീഴ്കാര്യാലയങ്ങളെയും അറിയിച്ചിരുന്നുവെങ്കിലും ആവശ്യമായ ജീവനക്കാരുടെ ലിസ്റ്റ് ഇതുവരെയും ലഭിച്ചിട്ടില്ല. സർക്കാരിലേക്ക് അടിയന്തിരമായി ജീവനക്കാരുടെ ലിസ്റ്റ് നൽകേണ്ടതിനാൽ താങ്കളുടെ ജില്ലയിലെ കീഴ്കാര്യാലയങ്ങളിൽ ജോലി ചെയ്യുന്ന 01-01-2011 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച എൽ.ഡി. ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിചെയുന്ന ജീവനക്കാരുടെ വിവരം ഇതോടൊപ്പമുള്ള പ്രൊഫോർമ I ലും പുനർവിന്യാസ പ്രകാരം ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ഫ്രൊഫോർമ II ലും തയ്യാറാക്കി ഈ കാര്യലയത്തിലേക്ക് അടിയന്തിരമായി അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യക്ഷേമ ഡയറക്ടർക്ക് വേണ്ടി

JJ/12

# പ്രൊഫോർമ I

## 01-01-2011 ന് ശേഷം ജോലിയിൽ പ്രവേശിച്ച എൽ.ഡി.ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ

**ആഫീസിന്റെ പേര് ഃ** **ഫോൺ നമ്പർ ഃ**

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി | ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |

ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ

JJ/12

## പ്രൊഫോർമ II

## തദ്ദേശ ഭരണവകുപ്പിന്റെ ജി.ഒ.(എം.എസ്) നമ്പർ 36/2010 തീയതി 01-03-2010 പ്രകാരം പുനർവിന്യസിച്ചിട്ടുള്ള എൽ.ഡി.ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | ജീവനക്കാരന്റെ പേര് തസ്തിക | ഇപ്പോൾ ജോലി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ഏത് തീയതി മുതൽ പുനർവിന്യസിച്ചു. പുനർവിന്യസിക്കുമ്പോൾ ജീവനക്കാരൻ ജോലി ചെയ്തിരുന്ന കാര്യാലയം (ശമ്പളം കൈപ്പറ്റുന്ന കാര്യാലയം) | അഭിപ്രായം |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |

ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ

JJ/12